ഭരണഭാഷ - മാതൃഭാഷ

സ്പോർട്സ് 1/ 18649/2023/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം., തീയതി :28.10.2023
ഫോൺ:0471- 2580 534; supdts.dge@kerala.gov.in

# സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസം - സ്പോർട്സ് - 2023 സംസ്ഥാനതല സ്കൂൾ ഗെയിംസ് മത്സരങ്ങൾ- ഗ്രൂപ്പ് 3 -നടത്തുന്നത് - സംബന്ധിച്ച്

സൂചന :

****************************

65-ാ മത് സംസ്ഥാനതല സ്കൂൾ ഗെയിംസ് ഗ്രൂപ്പ് 3 മത്സര ഇനങ്ങളായ ജൂഡോ, (അണ്ടർ14,17,19 ആൺ/പെൺ), ബോക്സിംങ്ങ് (അണ്ടർ,17,19 ആൺ/പെൺ), ആർച്ചറി (അണ്ടർ17,19 ആൺ/പെൺ), നെറ്റ് ബോൾ (അണ്ടർ19 ആൺ/പെൺ), ബാഡ്മിന്റൻ (അണ്ടർ14,17,19 ആൺ/പെൺ), ചെസ്സ് (അണ്ടർ14,17,19 ആൺ/പെൺ), ത്രോ ബോൾ (അണ്ടർ19 ആൺ/പെൺ), ഫെൻസിംങ്ങ് (അണ്ടർ19 ആൺ/പെൺ), ജിംനാസ്റ്റിക്സ് (അണ്ടർ14,17,19 ആൺ/പെൺ), യോഗ (അണ്ടർ 19 ആൺ/പെൺ) **05/11/2023 മുതൽ 11/11/2023 വരെ കണ്ണൂർ ജില്ലയിൽ വച്ചു നടത്തുന്നതാണ്.** സബ് ജില്ല, റവന്യൂ ജില്ലാ മത്സരങ്ങളിലൂടെ തെരഞ്ഞെടുത്ത താങ്കളുടെ ജില്ലാ ടീമുകളെ സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുപ്പിക്കേണ്ടതാണ്. **https://sports.kite.kerala.gov.in** എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുമ്പോൾ ലഭിക്കുന്ന എലിജിബിലിറ്റി സർട്ടിഫിക്കറ്റുമായി രജിസ്ട്രേഷൻ സമയത്ത് എത്തേണ്ടതാണ്. മത്സരങ്ങൾ നടക്കുന്ന സ്ഥലങ്ങളും തിയതിയും താഴെ സൂചിപ്പിക്കുന്നു.

## രജിസ്ട്രേഷൻ സ്ഥലവും, തീയതിയും ചുവടെ ചേർക്കുന്നു

| നം. | ഐറ്റം | കാറ്റഗറി | രജിസ്ട്രേഷൻ തീയതി, സ്ഥലം | വെയിങ് | മത്സരം നടക്കുന്ന തീയതികൾ | മത്സര വേദി |
|---|---|---|---|---|---|---|
| 1 | ജൂഡോ | സബ്ജൂനിയർ ആൺ/പെൺ | 05.11.2023 7.00AM GVHSS Kannur | 05.11.2023 10.am GVHSS Kannur | 05.11.2023 06.11.2023 | ജി.വി.എച്ച്.എസ്.എസ്. സ്പോർട്സ് കണ്ണൂർ |
| | | ജൂനിയർ ആൺ/പെൺ | 06.11.2023 11.00 AM GVHSS Kannur | 06.11.2023 2.pm GVHSS Kannur | 07.11.2023 | |
| | | സീനിയർ ആൺ/പെൺ | | | 08.11.2023 | |
| 2 | യോഗ | സീനിയർ ആൺ/പെൺ | 05.11.2023 05.00 PM (Accommodation Centre) | | 06.11.2023 | സെന്റ്. മൈക്കിൾസ് എ.ഐ.എച്ച്.എസ്.എസ്. കണ്ണൂർ |

| | | | | | | |
|---|---|---|---|---|---|---|
| 3 | ബാഡ്മിന്റൻ | സബ്ജൂനിയർ ആൺ/പെൺ | 06.11.2023 07.00AM (Dream Badminton Arena) | | 06.11.2023, 07.11.2023 | ഡ്രീം ബാഡ്മിന്റൻ, അരീന, കക്കാട്, കണ്ണൂർ |
| | | സീനിയർ ആൺ/പെൺ | 08.11.2023 07.00AM (Dream Badminton Arena) | | 08.11.2023 09.11.2023 | |
| | | ജൂനിയർ ആൺ/പെൺ | 10.11.2023 07.00AM (Dream Badminton Arena) | | 10.11.2023 11.11.2023 | |
| 4 | ഫെൻസിംങ്ങ് | സീനിയർ ആൺ/പെൺ | 06.11.2023 07.00AM (മുണ്ടയാട് ഇൻഡോർ സ്റ്റേഡിയം, കണ്ണൂർ) | | 06.11.2023 | മുണ്ടയാട് ഇൻഡോർ സ്റ്റേഡിയം, കണ്ണൂർ |
| 5 | ബോക്സിംങ്ങ് | ജൂനിയർ ആൺ/പെൺ | 07.11.2023 06.00AM GVHSS Kannur | 07.11.2023 08.00 AM to 10.00 AM GVHSS Kannur | 07.11.2023 08.11.2023 | ജി.വി.എച്ച്.എസ്.എസ് സ്പോർട്സ് കണ്ണൂർ |
| | | സീനിയർ ആൺ/പെൺ | 09.11.2023 6.00 AM GVHSS Kannur | 07.11.2023 08.00 AM to 10.00 AM | 09.11.2023 10.11.2023 | |
| 6 | ആർച്ചറി | സീനിയർ ആൺ/പെൺ | 05.11.2023 05.00 PM (Accommodation Centre) | | 06.11.2023 | പോലീസ് പരേഡ് ഗ്രൗണ്ട്, കണ്ണൂർ |
| | | ജൂനിയർ ആൺ/പെൺ | 06.11.2023 05.00 PM (Accommodation Centre) | | 07.11.2023 | |
| 7 | ജിംനാസ്റ്റിക്സ് | സബ്ജൂനിയർ ആൺ/പെൺ | 07.11.2023 07.00AM (സായി തലശ്ശേരി) | | 07.11.2023 08.11.2023 | സായി തലശ്ശേരി |
| | | ജൂനിയർ ആൺ/പെൺ | | | | |
| | | സീനിയർ ആൺ/പെൺ | | | | |
| 8 | നെറ്റ് ബോൾ | സീനിയർ ആൺ/പെൺ | 06.11.2023 05.00 PM (Accommodation Centre) | | 07.11.2023 & 08.11.2023 | മുണ്ടയാട് ഇൻഡോർ സ്റ്റേഡിയം, കണ്ണൂർ |
| 9 | ചെസ്സ് | സബ്ജൂനിയർ ആൺ/പെൺ | 08.11.2023 07.00AM (സെന്റ്. മൈക്കിൾസ് എ.ഐ.എച്ച്.എസ്. എസ്. കണ്ണൂർ) | | 08.11.2023 09.11.2023 | സെന്റ്. മൈക്കിൾസ് എ.ഐ.എച്ച്.എസ്.എസ്. കണ്ണൂർ |
| | | ജൂനിയർ ആൺ/പെൺ | | | | |
| | | സീനിയർ ആൺ/പെൺ | | | | |
| 10 | ത്രോ ബോൾ | സീനിയർ ആൺ/പെൺ | 07.11.2023 05.00 PM (Accommodation Centre) | | 08.11.2023 09.11.2023 | കളക്ട്രേറ്റ് മൈതാനം, കണ്ണൂർ |

## നിർദ്ദേശങ്ങൾ

1. സംസ്ഥാനതല സ്കൂൾ ഗെയിംസ് ഗ്രൂപ്പ് 3 മത്സരത്തിൽ പങ്കെടുക്കുന്ന കുട്ടികൾ രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കേണ്ട രേഖകൾ
    i. **https://sports.kite.kerala.gov.in** എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്ത് ശേഷം ലഭിക്കുന്ന എലിജിബിലിറ്റി സർട്ടിഫിക്കേറ്റ് സ്കൂൾ **പ്രിൻസിപ്പൽ / പ്രധാന അദ്ധ്യാപകൻ സാക്ഷ്യപ്പെടുത്തിയത്**. (ഒർജിനൽ)
    ii. പ്രിൻസിപ്പൽ / പ്രധാന അദ്ധ്യാപകൻ സാക്ഷ്യപ്പെടുത്താത്ത രേഖകൾ ഒന്നും തന്നെ രജിസ്ട്രേഷനായി പരിഗണിക്കുകയില്ല.

2. രജിസ്ട്രേഷൻ സമയത്ത് കുട്ടികൾക്ക് നൽകുന്ന പാർട്ടിസിപ്പന്റ് കാർഡ് ഓരോ മത്സരത്തിനും പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.
3. മത്സരാർത്ഥികൾ, കോച്ച്, മാനേജർ എന്നിവർക്ക് താമസ സൗകര്യം പൊതുവിദ്യാഭ്യാസ വകുപ്പ് നൽകുന്നതാണ്.
4. പെൺകുട്ടികളുടെ ടീമിനൊപ്പം വനിത ടീം മാനേജർ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. ടീം മാനേജർമാർ ഇല്ലാത്ത ടീമുകളുടെ രജിസ്ട്രേഷൻ ചെയ്യുന്നതല്ല
5. കണ്ണൂർ ജി വി എച്ച് എസ് എസ് ന് സമീപമുള്ള ജൂബിലി ഹാളിൽ 05/11/2023 ന് വൈകീട്ട് 7 മണിയ്ക്ക് ബാഡ്മിന്റൺ, നെറ്റ്ബാൾ, ത്രോബോൾ എന്നീ മത്സരങ്ങളുടെ ഫിക്സ്ചർ തയ്യാറാക്കുന്നതാണ്. എല്ലാ ടീം മാനേജേഴ്സും നിർബന്ധമായും പങ്കെടുക്കേണ്ടതാണ് (ടീം മാനേജേഴ്സ് ഇല്ലാത്ത സാഹചര്യത്തിൽ ജില്ലാ പ്രതിനിധികൾ പങ്കെടുക്കേണ്ടതാണ്).
6. അക്കോമഡേഷന്റെ ഭാഗമായി ടീം ഒന്നിന് 2,000/- രൂപ ക്രമത്തിൽ കരുതൽ ഡിപ്പോസിറ്റ് രജിസ്ട്രേഷൻ സമയത്ത് അടയ്ക്കേണ്ടതാണ്.
7. രജിസ്ട്രേഷൻ, താമസ സൗകര്യം എന്നിവയെ സംബന്ധിച്ച് ബന്ധപ്പെടേണ്ട ഫോൺ നമ്പറുകൾ സമയബന്ധിതമായി അറിയിക്കുന്നതാണ്

വിശ്വസ്തതയോടെ

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

പകർപ്പ് :

1. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
2. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
3. എല്ലാ ജില്ലാ സ്പോർട്സ് കോ-ഓർഡിനേറ്റർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
4. ആർ.ഡി.എസ്.ജി.എ സെക്രട്ടറിമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)